# വിപഞ്ചിക

2024



എം ആർ എം കെ എം എം എച്ച് എസ് എസ്
ഇടവ


MR



# സന്ദേശം

ഇടവ എം ആർ എം കെ എം എം എച്ച് എസ് എസ്സിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ കുട്ടികൾ "വിപഞ്ചിക" എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു.കുട്ടികളുടെ സർഗശേഷിയും വിജ്ഞാനവും മാഗസിനെ മികച്ചതാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു

**എം. എസ്. വിദ്യ**
ഹെഡ്മിസ്ട്രസ്

# EDITORIAL BOARD

## *Chief Editor*



M S VIDYA
Headmistress

## *Staff Editors*



RESHMA R S
HST Mathematics



KRISHNA PRIYA S N
HST Malayalam

## *Student Editors*



AAMINA MUHAMMED RAFI
9A



AARADYA R
9A



ABHINAV S
9E

# ശിവഗിരിക്കുന്ന്



വന്നു നിന്നു ഇന്നു ഞാനീ
കീർത്തിയോതിടും കുന്നിൻ
നെറുകയിൽ
നിന്നു കണ്ടിടുന്നു ഇന്നു ഞാനീ
ഹരിതശോഭ പകർന്നാടും
മേടുകൾ

ഗുരു തൻ മുന്നിൽ
ഒരായിരം കൂപ്പുകൈയോടിന്ന്
ചെന്നു ഞാൻ ദർശനപുണ്യം നുകരുവാൻ
ശാരദാദേവി തൻ മുന്നിലും

നന്ദി ചൊല്ലിടും പോലവേ നിൽക്കുന്നു
ശാഖി തന്നുടെ ശിഖരങ്ങളൊക്കെയും
ഉന്മാദ നൃത്തമിതാടുന്നു മത്തരായ്
പൂത്തു നിൽക്കുന്നു പൂക്കളതൊക്കെയും

അറിയുന്നു ഞാനീ വൃശ്ചികക്കാറ്റിന്റെ
കുളിരേകിടുന്ന ഓമൽത്തലോടലും
മനതാരിൽ ഉന്മാദമാർത്തു പെയ്യുന്നു
ശിവഗിരിക്കുന്നിലെ കാഴ്ചകളോർക്കുമ്പോൾ

നിരഞ്ജന
8 G

## മിണ്ടാപ്പെണ്ണ് :പെൺശക്തിയും കരുത്തും


ഉറൂബിന്റെ ചെറുകഥകളിൽ ഒന്നാണ് മിണ്ടാപ്പെണ്ണ്. സ്ത്രീ എന്നത് നാല് ചുമരുകൾക്കിടയിൽ ഒതുങ്ങി അവളുടെ സ്വപ്നങ്ങളും ആഗ്രഹങ്ങളും അടക്കിവച്ച് ജീവിക്കേണ്ടതാണ് എന്ന ചിന്താഗതി നിലനിന്നിരുന്ന കാലത്താണ് ഒരു സ്ത്രീയെ കേന്ദ്രകഥാപാത്രമാക്കി ഉറൂബ് ഈ ചെറുകഥ രചിച്ചത്.സ്വപ്നങ്ങളെ ഉള്ളിലൊതുക്കി വേദന കടിച്ചമർത്തി നാട്ടിൻപുറങ്ങളിലെ നാലുകെട്ടിന്റെ ഇരുട്ടറകളിൽ ജീവിക്കുന്ന മിണ്ടാപ്പെണ്ണുങ്ങളുണ്ട്.അത്തരമൊരു പെൺകുട്ടിയുടെ ദുഃഖത്തെ തന്റെ വിദഗ്ധ തൂലികയിലൂടെ അനശ്വരമാക്കുകയാണ് ഉറൂബ്. ഈ കഥയിലെ കേന്ദ്രകഥാപാത്രമായ കുഞ്ഞിലക്ഷ്മി പുസ്തകത്തിന്റെ പേര് പോലെ തന്നെ സന്തോഷവും ദുഃഖവുമെല്ലാം ഉള്ളിലൊതുക്കി എല്ലാം തന്റേത് മാത്രമായ വികാരങ്ങളാണെന്ന് കരുതി നിസംഗഭാവത്തിൽ ജീവിക്കുന്ന ഒരു പെൺകുട്ടിയാണ്.അമ്മയുടെ മരണശേഷം അച്ഛന്റെ വീട്ടിലേക്ക് വരുന്ന അവൾ കണ്ടുമുട്ടുന്ന ഒരു കഥാപാത്രമാണ് ചന്ദ്രൻ. ചന്ദ്രനു കുഞ്ഞുലക്ഷ്മിയും സുഹൃത്തുക്കളാവുന്നു. പിന്നീടങ്ങോട്ട് അവരുടെ സൗഹൃദത്തിന്റെ നാളുകളാണ്. കുറച്ച് നാളുകൾക്ക് ശേഷംകുഞ്ഞിലക്ഷ്മി പഠനം നിർത്തി അടുക്കളയിലൊതുങ്ങുകയും ചന്ദ്രൻ ഉപരിപഠനത്തിനായി ദൂരേക്ക് പോവുകയും ചെയ്യുന്നു. ഉപരിപഠനം കഴിഞ്ഞ ചന്ദ്രൻ പ്രശസ്തമായ ഒരു കമ്പനിയിൽ ജോലി ചെയ്യുന്നു. അവിടെ വച്ചാണ് ചന്ദ്രൻ കമലത്തെ കണ്ടുമുട്ടുന്നത്. ചന്ദ്രന്റെ അമ്മയുടെ മനസ്സിൽ കുഞ്ഞിലക്ഷ്മിയും ചന്ദ്രനും തമ്മിലുള്ള വിവാഹമാണ് ലക്ഷ്യമെങ്കിലും ചന്ദ്രന്റെ അച്ഛന് അത് ഇഷ്ടമല്ല. ഇത് മൂലം ചന്ദ്രന്റെ അച്ഛൻ മറ്റൊരു വിവാഹം കൊണ്ടുവരുമ്പോൾ ചന്ദ്രൻ അത് നിഷേധിക്കുന്നു. തുടർന്ന് ചന്ദ്രനും കമലവും രഹസ്യമായി കല്യാണം കഴിക്കുകയും ഇതറിഞ്ഞ് ചന്ദ്രനെ തറവാട്ടിൽ നിന്ന് പുറത്താക്കുകയും ചെയ്യുന്നു. ഈ സമയം കുഞ്ഞിലക്ഷ്മിയുടെ വികാരങ്ങൾ ആരും ശ്രദ്ധിച്ചില്ല. ആദ്യം



വിങ്ങിപ്പൊട്ടിയെങ്കിലും പിന്നീടവൾ സ്വയം സമാധാനിച്ചു.പതിയെ അവൾ ശക്തമായ ഒരു സ്ത്രീകഥാപാത്രമായി മാറി. ചന്ദ്രനും കമലവും തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിച്ച് ആ ബന്ധം കുഞ്ഞിലക്ഷ്മി കെട്ടിയുറപ്പിക്കുന്നു. തന്റെ ജീവിതം കൂടാതെ മറ്റുള്ളവർ തമ്മിലുള്ള ബന്ധം ശിഥിലമാകാതെ കെട്ടിയുറപ്പിക്കുന്ന ശക്തമായ ഒരു സത്രീ കഥാപാത്രമായി പിന്നീടങ്ങോട്ട് കുഞ്ഞിലക്ഷ്മി മാറുന്നു. ഒരു ദുർബലയായ പെൺകുട്ടി ശക്തമായ ഒരു സ്ത്രീ കഥാപാത്രമാകുകയാണ് ഈ കഥയിൽ. വളരെ മനോഹരമായ ഉറൂബ് രചിച്ചിരിക്കുന്നൊരു പുസ്തകമാണിത്. മനസിനെ അഗാധമായി സ്പർശിച്ച ഒരു പുസ്തകം. ലളിതമായ ഭാഷ കൊണ്ട് സമൃദ്ധമാണ് ഇതിന്റെ വരികൾ. വായിക്കുന്നവർക്ക് പ്രചോദനമാകുന്ന ഉറൂബിന്റെ വ്യത്യസ്തവും വൈവിധ്യമാർന്ന പുസ്തകം മനസിന്റെ ആഴങ്ങളിൽ പതിഞ്ഞ് കോരിത്തരിപ്പുണ്ടാകുന്നു.



ആരാധ്യ.ആർ
9A


save trees
save earth
save our life
PLANT TREES
BREATH PURE OXYGEN

കൃഷ്ണജ

# BRILLIANT COW



*One day a group of cows were eating grass in the hills. At that time a tiger came there. The cows get afraid and they  ran away. But one of them couldn't ran fast. It get into a cave. But the tiger find it out and said "hey cow I have not eaten anything for so many days; so I am going to eat you". The cow said "don’t eat me now. My kids are in the house. Let me give them some food and tell bye. After that Iwill come back to you". After thinking so much the tiger said "Ok then but, if you don’t come back , I will come to your house and kill you and your kid. The time arrived the cow came back as it said. Then when the tiger came to eat the cow a group of ox rushed there. The brilliant cow called all the oxes. By seeing the group of ox the tiger was afraid and ran away.*


**GOURI**
**8B**



# മരണത്തിന്റെ പത്രം

ഒരിടത്ത് ഒരു കുടുബം ഉണ്ടായിരുന്നു. ആ കുടുംബത്ത് മൂന്ന് പേർ ആണ് ഉള്ളത്. അച്ഛന് ഓഫീസിലാണ് ജോലി. പേര് മനീഷ് കുമാർ എന്നാണ്. അമ്മയുടെ പേര് രേവതി എന്നാണ്. അവർക്ക് ഒരു മകൾ ഉണ്ട്. അവളുടെ പേര് ഡയാന എന്നാണ്. ഒരു ദിവസം അവർ എല്ലാവരും വീട്ടിലുണ്ടായിരുന്നു. അപ്പോൾ അച്ഛൻ പറഞ്ഞു എന്നും പത്രം താമസിച്ചാണ് വരുന്നത്. നമുക്ക് അവന്റെയിൽ നിന്ന് പത്രം വാങ്ങുന്നത് നിർത്താം. പകരം വേറെ ആരുടെയെങ്കിലും കൈയ്യിൽ നിന്ന് വാങ്ങാം. അപ്പോൾ അമ്മ പറഞ്ഞു ഞാൻ നാളെ തന്നെ ഏർപ്പാടാക്കാം. പിറ്റെ ദിവസം രേവതി പത്രക്കാരന്റെ വീട്ടിൽ പോയി. ആ വീട് നിശബ്ദത നിഞ്ഞതായിരുന്ന രേവതിക്ക് ചെറിയ ഒരു ഭയം തോന്നി. അവൾ അകത്തകയറിയപ്പോൾ ഒരു മനുഷ്യൻ അവളുടെ മുന്നിൽ വന്നു.
അപ്പോൾ അവൾ പേടിച്ച് പോയി. ആ ആൾ ചോദിച്ചു എന്താ വേണ്ടത്. രേവതി പറഞ്ഞു നമ്മുടെ വീട്ടിൽ എന്നും പത്രം കൊണ്ട് വരണം. അപ്പോൾ ആ ആൾ ഭയാനകമായ ഒരു ചിരി ചിരിച്ചിട്ട് പറഞ്ഞു കൊണ്ടുവരാം. രേവതിക്ക് ആ ചിരി വിചിത്രമായി തോന്നി. അടുത്ത ദിവസം രാവിലെ മനീഷ് കുമാർ പത്രം വന്നോ എന്ന് നോക്കിയപ്പോൾ അത് വന്നില്ലായിരുന്നു.അവൻ രേവതിയെ വിളിച്ചു.അവളോട് എല്ലാം പറഞ്ഞു.രാത്രി ആയപ്പോൾ പത്രം കൊണ്ടുവന്നു. വീട്ടുകാർ ദേഷ്യപ്പെട്ടു. അപ്പോൾ പത്രക്കാരൻ ഒരു പ്രേതത്തിന്റെ രൂപമായി മാറി. അവന്റെ കൂർത്ത പല്ലുകൾ കൊണ്ട് ആ വീട്ടുകാരെ കടിച്ചു കൊന്നു. പിന്നെ ആ പത്രത്തിന്റെ ചരമഭാഗത്ത് അവരുടെ പേര് ഉണ്ടായിരുന്നു.

സാരംഗ്
8 F






# നിശബ്ദതയുടെ ശബ്ദം

ഇരുളേ എൻ പഴയ മിത്രമേ
ഞാൻ നിന്നോട് വാചാലനാവാൻ വീണ്ടുമെത്തി
എൻ മനസിലെ മനോഹര ദൃശ്യങ്ങൾ
നിൻ മനസിലും പതിഞ്ഞോ
എൻ മനസിൽ നട്ടുപിടിപ്പിച്ച ആ ദൃശ്യങ്ങൾ
നിശബ്ദതയുടെ ശബ്ദത്തോടെ നിലനിന്നു
സ്വപ്നലോകത്തിലെ കഠിനപാതയിൽ
ഞാനേകനായി ഒഴുകവേ
ഒരു മിന്നലൊളിയിൽ എൻ മിഴിയിൽ ഇരുളാകവേ
ഇരുളാൽ പൊതിഞ്ഞ എൻ കാഴ്ച
സ്വപ്നലോകത്തേക്ക് യാത്രയായി
ഞാൻ ചിറക് തകർന്ന് മാലാഖയായി

അലൻ പ്രേംലാൽ
9E


save trees
save life on earth
no tree means no life
OPHELIA
8D

# കാലമിനിയെത്രയും....

കാലമേ നിന്റെയീ ഒഴുക്കിൽ
എന്നെയും കൂടെ ചേർക്കൂ
എന്റെയീ ശിഷ്ടദിനങ്ങൾ
നിന്നിലൂടെ ഒഴുകട്ടെ
ഒരു നിമിഷം ഞാൻ
നിൻ അണിയത്ത് നിൽക്കട്ടെ
വേഗത്തിൽ പായുമ്പോഴും നിന്റെ
പരിസ്ഫുല്ലമാം കിരണങ്ങളാൽ
നീ പുതുമ ഉണർത്തുന്നു
ജ്വലിക്കുന്ന നിൻ കരങ്ങളിൽ പിടിച്ചു
ഞാൻ മുന്നേറട്ടെ
കാലമിനിയെത്രയും ബാക്കിയല്ലോ...

ഖദീജ എം എഫ്
9E



# ആ വരവും കാത്ത്

അരുൺ ആർമിയിൽ ആയിരുന്ന കാര്യം അപർണയ്ക്ക് അറിയില്ലായിരുന്നു . അവരുടെ കല്യാണം കഴിഞ്ഞിട്ട് 2 വർഷത്തിൽ കൂടുതൽ ആയെങ്കിലും അവർ പരസ്പരം പലതും മറച്ചു വച്ചിരുന്നു . അതിൽ ഒന്നായിരുന്നു അവന്റെ ആർമി ജോലി . അവന് അവളെ പിരിഞ്ഞ് ഇരിക്കാൻ കഴിയുമായിരുന്നില്ല . പക്ഷെ കാലം അവർക്ക് വേണ്ടി കരുതി വെച്ചിരുന്നത് മറ്റൊന്നായിരുന്നു . ഒരു ദിവസം ആർമി ബേസിൽ നിന്ന കേണലിനെ തിരക്കി കുറച്ച് പട്ടാളക്കാർ വന്നു . അപർണ്ണ അവരോട് പലവട്ടം തർക്കിച്ചെങ്കിലും ചിത്രം കണ്ടപ്പോൾ അവൾ ഉറപ്പിച്ചു . അന്നായിരുന്നു അവൾ അരുണിനോട് ആദ്യമായി വഴക്ക് ഉണ്ടാക്കിയത് . വളരെയേറെ സങ്കടത്തോടെ അവൻ പറഞ്ഞു ." ഞാൻ നിന്നോട് പലവട്ടം പറയണം എന്ന് വിചാരിച്ചതാണ് . പക്ഷെ നിന്നോട് പറഞ്ഞാൽ നിന്നിൽ നിന്നുള്ള സ്നേഹം കുറയുമെന്ന് ഞാൻ കരുതി . അവൾ കണ്ണുകൾ നിറഞ്ഞുകൊണ്ട് മറുപടി പറഞ്ഞു .' ഒരിക്കലുമില്ല പക്ഷെ നിനക്ക് ഇത് എന്നോട് നേരത്തെ പറയാമായിരുന്നു .' അവരുടെ സംസാരത്തിനിടയിൽ 2,3 ആർമി ജീപ്പുകൾ അവിടെ വന്നു . അവനെ കൊണ്ടുപോകാൻ ആയിരുന്നു അവർ വന്നത് . തന്റെ ഭർത്താവിനെ ആർമിയിൽ അയക്കാൻ ഒരു ഭാര്യയും സമ്മതിക്കുമായിരുന്നില്ല . എന്നാൽ തന്റെ ഭർത്താവിനെ വീടിന്റെ അല്ല നാടിന്റെ കാവൽക്കാരൻ ആക്കാൻ ആയിരുന്നു അവളുടെ തീരുമാനം . നിറഞ്ഞ കണ്ണുകളോടെ അവൾ അവനെ യാത്ര ആക്കാൻ ഒരുങ്ങി . തിരികെ പോകാൻ അവൻ ഒരുങ്ങിയപ്പോൾ അവൾ പറഞ്ഞു " നിന്നെ കാത്ത് ഇനിയുള്ള സായാഹ്നങ്ങളിൽ ഈ പടിക്കൽ ഞാൻ ഇരിക്കും ". അന്നു മുതൽ അവനു വേണ്ടിയായിരുന്നു അവൾ മാറ്റി വച്ചിരുന്നത് . കാലം എത്ര കഴിഞ്ഞിട്ടും അവൾ അതിനോത്ത് മാറാൻ ശ്രമിച്ചില്ല .

**Slightly adapted by**
**nived krishna**
**8E**






MOHAMMED SHAH S
8D

# പ്രഭാതം

സൂര്യതേജസ്സിൽ നീരാടും മഞ്ഞുനീർത്തുള്ളികൾ
പ്രാണപ്രിയനിൽ അഭയംപ്രാപിക്കും താമരകൾ
വിരിഞ്ഞു മന്ദഹാസം തൂകും പുഷ്പവീഥികൾ
ഉയരങ്ങൾ കീഴടക്കും പറവകളുടെ കളകളാരവങ്ങൾ
ജീവജാലങ്ങളുടെ മനസ്സിൽ പുതുസ്വപ്നം നിറച്ച്
ഉടലെടുക്കും 'ഉഷസ്സ് ' ഭൂമിയുടെ സ്പന്ദനം
രജനിയുടെ അധിപൻമാരായ ചന്ദ്രനെയും
നക്ഷത്രകൂടാരത്തെയും ചവിട്ടി മെതിച്ച് പൂങ്കാവനം
നിറഞ്ഞ് തുളുമ്പും പ്രകാശം പരത്തും പ്രഭാതം
അഭയം നൽകി സൂക്ഷിച്ച ചെറു പുഷ്പങ്ങളിൽനിന്നും വിധിയെ
ശപിച്ചു അടർന്നു വീഴുന്നു ജലത്തുള്ളികൾ
ജലവീഥികളെ പൂവണിയിക്കും സൂര്യപ്രകാശം
നഗവഴികളിലൂടെ സഞ്ചരിച്ച് പ്രകൃതിയുടെ
വികൃതമുഖം നമ്മിൽ എത്തിക്കും പ്രകാശകിരണങ്ങൾ
ഇവയെല്ലാം ഉഷസ്സിൻ പുത്രൻമാർ മാത്രം
തീജ്വാലയെ അദൃശ്യമാക്കും , മനസ്സിൽ പുതുവികാരങ്ങളെ
തൊട്ടുണർത്തും ജീവന്റെ അടിസ്ഥാനമായി മാറുന്ന
സുന്ദരമാണീ പ്രഭാതം
ഉയരങ്ങൾ കീഴടക്കും മനസ്സിന്റെ പാതയെ
തമസ്സിൽ നിന്നകറ്റും , മനോഹാരിത
തൂകും സ്പന്ദനമാണീ പ്രഭാതം

**ഷിഫിന**
**8G**

# ഉണർവ്



രാത്രി തൻ മധുരസ്മിതമായ
തെന്നലിൽ ഞാൻ മുഴുകീടവേ
ഇനൻ പൊലിഞ്ഞോതൾ വനങ്ങളിൽ
ഒഴുകി നിറയും നിലാവിലും
പക്ഷി തൻ ഗാനങ്ങളാൽ
കാടിനെ ആനന്ദമാക്കീടവേ
ഉണർന്നിടുന്ന മാറ്റൊലിയായി
മൃഗങ്ങൾ തൻ അലർച്ചയും
പൂക്കൾ ചിറക് വിടർത്തവേ
സുഗന്ധം കാറ്റിൽ അലയടിക്കവേ
ആകാശദൂരം അളക്കുവാനായി
പതന്തിൻക്കൂട്ടങ്ങൾ പറന്നുകളിക്കവേ
ഗ്രാമലക്ഷ്മി തൻ വിളി കേട്ട്
ഞാൻ ഉണർന്നീടവേ
പ്രാപഞ്ചിക ജീവിതത്തിൻ
മനോഹാരിത ഇന്നെൻ
ഉണർത്തുപാട്ടായി മാറിടുന്നു

അനന്യ
9ബി



# സൗഹൃദം

ആഴത്തിലുള്ളൊരു സൗഹൃദമുണ്ടെങ്കിൽ
വദനം നോക്കുവാൻ ദർപ്പണമെന്തിന്
കൂടെപ്പിറപ്പിനെ പോലുള്ള സൗഹൃദം
എല്ലാം ത്യജിച്ചെന്നും കൂടെനിൽക്കും
വിരിയാത്ത പൂവിനെ വിരിയിക്കും വണ്ടുപോൽ
നേർവഴി കാണിക്കും സൗഹൃദങ്ങൾ
ദുഃഖങ്ങളിൽ സ്നേഹം പകർത്തിടും
മായാത്ത ബന്ധമായ്
നിലക്കാത്ത കരുതലായ്
തഴുകുന്ന കാറ്റായി
മനസിന്റെ നിറവായ്
ജ്വലിച്ചിടും സൗഹൃദം

Vaikasi
9A



# പൊൻ പുലരി

ശ്വേതം കൊണ്ട് പൊതിഞ്ഞ
പഞ്ഞിക്കെട്ടുകൾ പോലുള്ള
വാരിദങ്ങൾ
ഇളം നീലയാൽ ചുറ്റപ്പെട്ട വാനം
ജനൽ പഴുതിലൂടെ
പാളിനോക്കുന്ന സൂര്യരശ്മികൾ
കിളികളുടെ കൊഞ്ചൽ നാദങ്ങൾ
ചെറുകുളിരേകുന്ന പ്രകൃതി
ഉദിച്ചുയരും അർക്കശോഭ
മരന്ദം തൂകുന്ന സൗരഭം നിറയ്ക്കുന്ന
കാട്ട് മുല്ലകൾ
അന്തരംഗാന്തരത്തിൽ പതിഞ്ഞ
ഒരേയൊരു സ്വപ്ന ഛായ

ആരാധ്യ ആർ
9 എ

# നന്ദി